# ഓട്ടോകാസ്റ്റിൽ മണലവശിഷ്ടത്തിൽ നിന്ന് ഇഷ്ടിക നിർമിക്കും

8th October 2021

**തിരുവനന്തപുരം** ▸ സിലിക്കാ മണലവശിഷ്ടം കെട്ടിടനിർമാണ ത്തിനാവശ്യമായ മേൽത്തരം ഇഷ്ടികയാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യയുടെ കൈമാറ്റ ത്തിനായി സി.എസ്.ഐ.ആർ. നിസ്റ്റുമായി ഓട്ടോകാസ്റ്റ് ധാരണാ പത്രം ഒപ്പുവച്ചു. വ്യവസായ മന്ത്രി പി.രാജീവിന്റെ സാന്നിധ്യത്തിൽ സി.എസ്.ഐ.ആർ. നിസ്റ്റ് ഡയ റക്ടർ ഡോ. എ.അജയഘോഷും ഓട്ടോകാസ്റ്റ് എം.ഡി. പ്രസാദ് മാ ത്യുവുമാണ് ഒപ്പുവച്ചത്. നാഷ ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയാണ് സാങ്കേതിക വിദ്യ നൽകുന്നത്.

റെയിൽവേ ബോഗികൾക്കും പ്പെടെയുള്ള മോൾഡ് നിർമി ക്കാനാണ് ഓട്ടോകാസ്റ്റിൽ സിലി ക്കാ മണൽ ഉപയോഗിക്കുന്നത്. ഇതിനു ശേഷമുള്ള മണലവശി ഷ്ടമാണ് ഇഷ്ടികനിർമാണത്തിന് ഉപയോഗിക്കുക.

പരീക്ഷണാടിസ്ഥാനത്തിൽ രണ്ടു നിറത്തിൽ നിസ്റ്റിൽ ഇഷ്ടിക നിർമിച്ചിട്ടുണ്ട്. ഒരു ഇഷ്ടികയ്ക്ക് മൂന്നു കിലോയാണ് ഭാരം. ചുട്ടെ ടുക്കാതെതന്നെ ഇവയ്ക്ക് മികച്ച ഗു ണനിലവാരമുണ്ട്.

ഓട്ടോകാസ്റ്റിൽ നിലവിലെ ഉത്പാദനക്ഷമതയനുസരിച്ച് പ്രതിമാസം 600 ടൺ മണൽ അവശിഷ്ടമുണ്ടാകുന്നുണ്ട്. 1000-ത്തിൽപ്പരം വീടുകൾക്കാ വശ്യമായ ഇഷ്ടികകൾ നിർമിക്കാ നുള്ള മണൽ ഇപ്പോൾത്തന്നെ ഓട്ടോകാസ്റ്റിലുണ്ട്.

വ്യാവസായികാടിസ്ഥാനത്തിൽ നിർമിക്കുന്നതിനായി 50 ലക്ഷം രൂ പയുടെ പദ്ധതിയാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. മൂന്നു മാസംകൊണ്ട് പ്ലാന്റ് പൂർത്തിയാ ക്കാനാവും. പ്രതിദിനം 1000 ഇഷ്ടി കകൾ നിർമിക്കാൻ ശേഷിയാർ ജിക്കുകയാണ് പ്രാരംഭ ലക്ഷ്യം. പി.പി.ചിത്തരഞ്ജൻ എം.എൽ.എ. ചടങ്ങിൽ പങ്കെടുത്തു.